## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **3805** — 15-05-2017 -ൽ മറുപടിക്ക്

### പുഞ്ച പമ്പിംഗ് സബ്സിഡി നൽകണമെന്ന് ആവശ്യപ്പെട്ട് കെ.ടി.തോമസ് സമർപ്പിച്ച പരാതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.മോൻസ് ജോസഫ്** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ മന്ത്രി)** |
| എ) | 2016-2017 കാലയളവിൽ കോട്ടയം ജില്ലയിൽ പുഞ്ച പമ്പിംഗ് സബ്സിഡി നൽകുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചു; ഈ അപേക്ഷകൾ പ്രകാരം എത്ര കോടി രൂപ സബ്സിഡിയിനത്തിൽ ആവശ്യമായുണ്ട്; ഇതിൽ എത്ര തുക വിതരണം ചെയ്തു എന്നറിയിക്കാമോ: | എ) | 2016-17 കാലയളവിൽ കോട്ടയം പുഞ്ച സ്പെഷ്യൽ ഓഫീസിൽ പമ്പിംഗ് സബ്സിഡി അനുവദിക്കുന്നതിനായി 353 അപേക്ഷകളിലായി 5,72,00,000/- (അഞ്ച് കോടി എഴുപത്തി രണ്ട് ലക്ഷം രൂപാ മാത്രം) ആവശ്യമായിരുന്നു. 2016-17-ൽ 1,50,00,000/- (ഒരു കോടി അമ്പത് ലക്ഷം രൂപാ മാത്രം) അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത തുക വിനിയോഗിച്ച് മുൻഗണനാക്രമത്തിൽ 117 അപേക്ഷകളിലായി 1,49,98,039/- രൂപ (ഒരു കോടി നാല്പത്തിയൊമ്പത് ലക്ഷത്തി തൊണ്ണൂറ്റിയെട്ടായിരത്തി മുപ്പത്തിയൊമ്പത് രൂപാ മാത്രം) വിതരണം ചെയ്തിട്ടുണ്ടെന്നും 2017-18 സാമ്പത്തിക വർഷത്തിൽ ലഭ്യമായിട്ടുള്ള 61,00,000/- രൂപ (അറുപത്തിയൊന്ന് ലക്ഷം രൂപാ മാത്രം) 43 അപേക്ഷകർക്ക് വിതരണം ചെയ്യുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നതായും ജില്ലാകളക്ടർ അറിയിച്ചിട്ടുണ്ട്. |
| ബി) | പമ്പിംഗ് സബ്സിഡിയിനത്തിൽ ഇനി എത്ര പേർക്ക് തുക ലഭിക്കുവാനുണ്ട്; ഇതിന് എത്ര കോടി രൂപ ആവശ്യമായിട്ടുണ്ട് എന്നറിയിക്കാമോ: ഈ തുക എന്നേക്ക് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു എന്നറിയിക്കാമോ; | ബി) | 2016-17 കാലയളവിൽ സബ്സിഡി നൽകാൻ ബാക്കിയുള്ള 193 അപേക്ഷകർക്കും 2017-18 സാമ്പത്തിക വർഷം നാളിതുവരെ ലഭിച്ച 29 അപേക്ഷകർക്കും തുക നൽകാൻ ബാക്കിയുണ്ടെന്നും. പ്രസ്തുത അപേക്ഷകർക്ക് സബ്സിഡി അനുവദിക്കുന്നതിനായി 4,11,00,000/ രൂപ (നാല് കോടി പതിനൊന്ന് ലക്ഷം രൂപാ മാത്രം) ഇനിയും ആവശ്യമായുണ്ടെന്നും ജില്ലാകളക്ടർ അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | പമ്പിംഗ് സബ്സിഡി നൽകണമെന്നു കാണിച്ച് കെ.ടി.തോമസ് റവന്യൂവകുപ്പ് മന്ത്രിക്ക് നൽകിയ പരാതിയിന്മേൽ Rev.K4/17/2017 ഫയൽ പ്രകാരം കോട്ടയം ജില്ലാ കളക്ടർ തുക കണ്ടെത്തി റിപ്പോർട്ട്നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ; | സി) & ഡി) | ദുരന്ത നിവാരണ വകുപ്പിൽ നിന്നും സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡ പ്രകാരം പുഞ്ച കൃഷി പാടശേഖരത്തിൽ പമ്പിംഗ് സബ്സിഡിക്ക് തുക അനുവദിക്കുന്നതിന് നിർവ്വാഹമില്ല. |
| ഡി) | തോമസിന്റെ പരാതിയിൽ റവന്യൂവകുപ്പ് പരിഹാരം കണ്ടെത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഫയൽ നടപടിയിൽ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ